കല(ആർട്ട്) കുവൈറ്റ്

# KALA(Art) KUWAIT

Kuwait,
23 March 2012

**Reg. No.: INDEB/KWT/ASSN/203**

## കല (ആർട്ട്) കുവൈറ്റ് 'സാംബശിവൻ പുരസ്കാരം' ഡോ. എം. എൻ. കാരശ്ശേരിക്ക്

കുവൈറ്റ്: 2011-ലെ "കല(ആർട്ട്) കുവൈറ്റ് - സാംബശിവൻ പുരസ്കാരം' മലയാള ഭാഷാ സാഹിത്യ രംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച പ്രശസ്ത പ്രഭാഷകനും സാഹിത്യ സാംസ്കാരിക സാമുഹിക പ്രവർത്തകനും ആയ ഡോ. എം. എൻ. കാരശ്ശേരിക്ക് പ്രഖ്യാപിച്ചു. കഥാപ്രസംഗ രംഗത്തെ അതികായൻ അന്തരിച്ച ശ്രീ. വി. സാംബശിവൻെറ പേരിൽ 'കല(ആർട്ട്) കുവൈറ്റ്' കലാസാഹിത്യ സാംസ്ക്കാരിക സാമൂഹിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള പ്രശസ്ത വ്യക്തിത്വങ്ങൾക്കായാണ് ഈ പുരസ്കാരം ഏർപ്പെടുത്തിയിട്ടുള്ളത്.

കേരളത്തിൻെറ സാമൂഹിക, സാംസ്കാരിക, സാഹിത്യ പഥങ്ങളിൽ മൂന്നര പതിറ്റാണ്ട് കാലത്തെ സമഗ്രവും സജീവവുമായ സാന്നിധ്യമാണ് എം. എൻ. കാരശ്ശേരിയെ ഈ പുരസ്കാരത്തിന്ന് അർഹനാക്കിയത് എന്ന് അവാർഡ് വിവരം പ്രഖ്യാപിച്ച 'കല(ആർട്ട്) കുവൈറ്റ്' പ്രസിഡൻറ് സാംകുട്ടി തോമസ്സ്, ജനറൽ സെക്രട്ടറി ജയ്സൺ ജോസഫ്, കമ്മറ്റി അംഗങ്ങളായ മുകേഷ് വി. പി., ആർട്ടിസ്റ്റ് ശ്രീനിവാസൻ, കെ. അബുബക്കർ എന്നിവർ വ്യക്തമാക്കി. 25,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. കല(ആർട്ട്) കുവൈറ്റ് ജൂൺ 8-ന് ഒരുക്കുന്ന കേരളീയം-2012 ആഘോഷപരിപാടിയിൽ വെച്ച് പുരസ്കാരദാനം നിർവ്വഹിക്കും എന്ന് ഭാരവാഹികൾ വിളിച്ചു ചേർത്ത പത്രസമ്മേളനത്തിൽ അറിയിച്ചു.

മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ എന്ന എം. എൻ. കാരശ്ശേരി കോഴിക്കോട് ജില്ലയിലെ കാരശ്ശേരിയിൽ എ. സി. മുഹമ്മദ് ഹാജിയുടെയും കെ. സി. ആയിഷക്കുട്ടിയുടെയും മകനായി ജനിച്ചു. മലയാള ഭാഷാ സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും എം. ഫിലും നേടി. കോഴിക്കോട് മാതൃഭൂമിയിൽ സഹപത്രാധിപർ, കോഴിക്കോട് ഗവൺമെൻെറ് ആർട്സ് ആൻറ് സയൻസ് കോളേജ്, കോടഞ്ചേരി ഗവൺമെൻെറ് കോളേജ്, കോഴിക്കോട് ഗവൺമെൻെറ് ഈവനിങ്ങ് കോളേജ്, എന്നിവടങ്ങളിൽ ഭാഷാ അദ്ധ്യാപകനായി ജോലി നോക്കി. 1993-ൽ കാലിക്കറ്റ് ` സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ` ലഭിച്ചു. 1986 മുതൽ കാലിക്കറ്റ് ` സർവ്വകലാശാലാ മലയാള വിഭാഗത്തിൽ പ്രവർത്തിച്ചു.

മതേതരത്വം, വർഗ്ഗീയത, മാപ്പിള സാഹിത്യം, മാപ്പിള ഫലിതം തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് ആനുകാലികങ്ങളിലും പത്രങ്ങളിലും ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിശകലനം, മക്കയിലേക്കുള്ള പാത, തിരുവരുള്, കാഴ്ചവട്ടം, ഒന്നിൻെറ ദർശനം, ആരും കൊളുത്താത്ത വിളക്ക്, മാരാരുടെ കുരുക്ഷേത്രം, വർഗീയതക്ക് എതിരെ ഒരു പുസ്തകം, വിവേകം പാകം ചെയ്യുന്നത് എത് അടുപ്പിലാണ്?, ഉമ്മമാർക്കുവേണ്ടി ഒരു സങ്കട ഹർജി, കുഞ്ഞുണ്ണി-ലോകവും കോലവും, മുല്ലാ നാസറുദ്ദീൻ കഥകൾ, ഇസ്ലാമിക രാഷ്ട്രീയം വിമർശിക്കപ്പെടുന്നു, താരതമ്യ സാഹിത്യ ചിന്ത, രക്ത രേഖ, പ്രണയദാഹം, മാപ്പിളപ്പാട്ടിൻെറ ലോകം, തെളിമലയാളം എന്നിവയാണ് പ്രധാന പുസ്തകങ്ങൾ. മതേതര ജനാധിപത്യത്തിന്ന് ഭീഷണിയായിക്കഴിഞ്ഞ വർഗീയതയെയും അതിൻെറ രൂപാന്തരങ്ങളെയും കണിശമായ കാഴ്ചപ്പാടോടെ എതിർക്കുന്ന നിരവധി ലേഖനങ്ങളും പ്രസിദ്ധീരിച്ചിട്ടുണ്ട്.

കേരള സാഹിത്യ അക്കാദമിയുടെ സി. ബി. കുമാർ എൻഡോവ്മെൻെറ് അവാർഡ്, കെ. എം. സീതിസാഹിബ് അവാർഡ്, മൊറയൂർ മൈത്രവേദി അവാർഡ്, എസ്. എ. ജമീൽ സ്മാരക അവാർഡ്, ദുബായ് അറേബ്യ വീക്ലിയുടെ പുളിക്കൊട്ടിൽ ഹൈദർ സ്മാരക അവാർഡ്, കേരള സംസ്ഥാന സർക്കാരിൻെറ ഏറ്റവും നല്ല ഡോക്യുമെൻററി (എഴുതാത്ത കത്തുകൾ) അവാർഡ് എന്നീ പുരസ്കാരങ്ങൾ ഡോ. എം. എൻ. കാരശ്ശേരിക്ക് ലഭിച്ചിട്ടുണ്ട്.

******

*ഇത് താങ്കൾ ഫോട്ടോ സഹിതം പ്രസിദ്ധീകരിക്കണമെന്ന് താൽപര്യപ്പെടുന്നു.*

സ്നേഹാദരങ്ങളോടെ,

| സാംകുട്ടി തോമസ്സ് | ജയ്സൺ ജോസഫ് | മുകേഷ് വി. പി. |
|---|---|---|
| പ്രസിഡണ്ട് - കല(ആർട്ട്) കുവൈറ്റ് | ജനറൽ സെക്രട്ടറി - കല(ആർട്ട്) കുവൈറ്റ് | മീഡിയ സെക്രട്ടറി - കല(ആർട്ട്) കുവൈറ്റ് |
| ( 99489078) | ( 97959072) | ( 97219439) |

P.O.Box: 31428, Sulaibikhat-90805, Kuwait
**E-mail : kalakuwait@gmail.com ; Web : www.kalakuwait.net**